ആവശ്യമുണ്ട്. പ്രസ്തുത ഭാഗങ്ങൾ വാങ്ങി റിപ്പയർ നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കൊല്ലം ജില്ലയിലെ കിളികൊല്ലൂരുള്ള ബാബു എന്ന രോഗി ആരോഗ്യവകുപ്പ് സെക്രട്ടറിക്കും, മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്.

(ജി) രണ്ട് യന്ത്രങ്ങൾ ഉള്ളതിൽ ഒന്നിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. മറ്റേതു പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

138 (1742) സർക്കാർ ആശുപത്രികളിൽ പേ വാർഡിൽ പ്രവേശനം നൽകാൻ നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽകോളേജ് ആശുപത്രികൾ ഒഴികെ സംസ്ഥാനത്തെ മറ്റൊരു ആശുപത്രിയിലും രോഗികൾക്ക് പേ വാർഡുകളിൽ പ്രവേശനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് സംസ്ഥാനത്ത് ഇങ്ങനെയൊരു അവസ്ഥ ഉണ്ടായതെന്നും ഇതിന് കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(സി) രോഗികൾക്ക് പേ വാർഡുകളിൽ പ്രവേശനം നൽകാൻ ഇതേവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഏതാനും ആശുപത്രികളിലെ പേവാർഡുകളിൽ രോഗികൾക്ക് പ്രവേശനം നൽകുന്നില്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(സി) പേവാർഡുകളിൽ രോഗികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ഇപ്പോൾ ആശുപത്രി സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

139 (1743) ഹെപ്പറ്റൈറ്റിസ് വാക്സിൻ

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാരാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകിയ കുട്ടികളിൽ നല്ലൊരു ശതമാനത്തോളം കുട്ടികൾക്ക് അത് ഫലപ്രാപ്തിയിലെത്താതിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ ഇത്തരം ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകുന്ന രോഗികൾക്ക് പ്രതീക്ഷിച്ച തോതിൽ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാറുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വാക്സിൻ നൽകുന്നവർക്ക് നിർദ്ദിഷ്ട പ്രയോജനം കിട്ടിയിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഹെപ്പറ്റൈറ്റിസ് വാക്സിൻ നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികൾവഴി ആർക്കും ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകുന്നില്ല.

(ഡി) ഹെപ്പറ്റൈറ്റിസ് വാക്സിൻ ഇതുവരെ നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സർക്കാർ നേരിട്ട് ഹെപ്പറ്റൈറ്റിസിനെതിരെ സർക്കാർ ചെലവിൽ കുത്തിവെപ്പ് നൽകുന്നില്ല.

എന്നാൽ സംസ്ഥാനത്തെ പലയിടങ്ങളിലും പല സന്നദ്ധസംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ വാക്സിൻ വിതരണം നടത്തിവരുന്നു. ലോകാരോഗ്യ സംഘടനയുടെയും മറ്റ് അന്താരാഷ്ട്ര പഠനങ്ങളും വെളിപ്പെടുത്തുന്നത് ഈ വാക്സിൻ നിശ്ചിത അളവിൽ നിശ്ചിത തീയതികളിൽ നൽകിയാൽ പ്രതിരോധശക്തി ലഭിക്കുമെന്നതാണ്.

140 (1744) മെഡിക്കൽകോളേജുകളിലെ ചികിൽസാശാഖകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യമേഖലയിൽ ലഭ്യമായ ചില സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെഡിക്കൽകോളേജുകളിൽ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ സൂപ്പർസ്പെഷ്യാലിറ്റി സർവ്വീസുകൾ മെഡിക്കൽകോളേജുകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽകോളേജുകളിൽ കഴിഞ്ഞ മൂന്ന് കൊല്ലക്കാലത്ത് പുതിയ ഏതൊക്കെ ചികിൽസാശാഖകൾ തുറന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിൽ ചില സൂപ്പർസ്പെഷ്യാലിറ്റികളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇത് പരിഹരിക്കുന്നതാണ്.

(ബി) കഴിഞ്ഞ മൂന്ന് കൊല്ലക്കാലത്ത് കോട്ടയം മെഡിക്കൽ കോളേജിൽ വേദന നിവാരണ ക്ലിനിക്ക്, ട്രോമാകെയർ സെന്റർ എന്നിവയും; ആലപ്പുഴ മെഡിക്കൽ കോളേജിൽ നെഫ്രോളജി വിഭാഗവും, തൃശ്ശൂർ മെഡിക്കൽ കോളേജിൽ യൂറോളജി, ട്രോമാകെയർ, വേദന നിവാരണ ക്ലിനിക് എന്നിവയും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ കാർഡിയാക് കത്തീറ്റൈസേഷൻ വിഭാഗം പ്രവർത്തനം ആരംഭിച്ചു. കൂടാതെ ആൻജിയോപ്ലാസ്റ്റി ചെയ്യാനാരംഭിച്ചു. 10 കിടക്കകളുള്ള പോസ്റ്റ് കാത്ത് ഇന്റൻസീവ് കെയർ യൂണിറ്റ് തുടങ്ങി. തൊറാ

LIBRARY ARCHIVES Kerala Legislative Assembly